# Tech – MAGIC

## school magazine

***Little KITE's unit***

*LK / 2018 / 14026*

*KKVMPHSS-PANOOR*

***2019***



**MANAGER**

Sri.K.P Divakaran



**HEAD MISTRESS**

Smt.Sasikala V.K

PUBLISHED BY ,

**Little KITE's Unit**

**LK/2018/14026**

**KKV Memorial panoor HSS**

**PANOOR P.O – PHONE: 0490 2314 500**

**Email:kkvpnr@gmail.com**

# വിദ്യാലയത്തെക്കുറിച്ച്...........




ഉത്തരമലബാറിന്റെ വിദ്യാഭ്യാസ ചരിത്രത്തിന് പുതിയോരു - വഴിത്തിരിവായ് 1914 ജൂൺ 14 ന് മിഷണറിമാർ പാനൂരിൽ ഒരു മിഡിൽ സ്കൂൾ ആരംഭിച്ചു . 1990 ആയപ്പോഴേക്കും നാലായിരത്തിലേറെ കുട്ടികളുടെ പഠനകേന്ദ്രമായി മാറിയ ഈ വിദ്യാലയം ഭരണസൗകര്യാർത്ഥം 1990 ഒക്ടോബർ 1-ന് പാനൂർ ഹൈസ്കൂൾ , കെ.കെ.വി.എം പാനൂർ ഹൈസ്കൂൾ എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടു .1992-ൽ പ്ലസ് ടു അനുവദിക്കപ്പെട്ടു . എത്രയോ തലമുറകളുടെ ത്യാഗോജ്ജ്വലവും , സമർപ്പിതവുമായ പ്രവർത്തനങ്ങളുടെ ഫലമായാണ് ഈ സ്ഥാപനം ഇങ്ങനെ വളർന്നു വന്നത്. എസ് എസ് എൽ സി , +2 വിഭാഗങ്ങളിൽ മികച്ച വിജയശതമാനം നിലലിർത്തി വരുന്ന കെ കെ വി എം പാനൂർ ഹയർ സെക്കന്ററി സ്കൂൾ പാനൂരിന്റെ വിദ്യാഭ്യാസ മണ്ഡലത്തിൽ തലയെടുപ്പോടെ നിലനിൽക്കുന്നു . “വിദ്യാഭ്യാസം സാംസ്കാരിക മുന്നേറ്റത്തിന്” എന്ന വിശാലമായ ലക്ഷ്യം മുൻനിർത്തിയാണ് വിദ്യാലയത്തിലെ അക്കാദമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നത്.ഭൗതികവും അക്കാദമികവുമായ നിലവാരം മെച്ചപ്പെടുത്തി , സാമൂഹികവും , പാരിസ്ഥിതികവുമായ നിലവാരം മെച്ചപ്പെടുത്തി , സാമൂഹികവും , പാരിസ്ഥിതികവുമായ പ്രശ്നങ്ങളിൽ ഇടപെട്ട് വിദ്യാർത്ഥികൾക്ക് മികച്ച സംസ്കാരവും ഉറപ്പുവരുത്തുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം .

## Typing

**Shahana Salim. A K**
**Shazin Mirsan .K**
**Arjun P**
**Ansar Nasurudhin M.C**
**Abhi ram .V.P**
**Vyshnav M**
**Albin.P**
**Sharon T**
**Mubashira . V k**
**rayhan P.V**
**Muhammad Rafsan P.K**
**Adhish .N**
**harshav K.K**
**Devanand A.P**
**Adhith p**
**fahadh p**
**Aadil K**
**Ahana Manoj K**
**Surya K**
**Muhammad Shamshan**
**Muhammad Jasmulshan K**
**Muhammad Jaseer P.K**
**Sree Lakshmi k p**
**Nivedh k**

## Page Designing

**Surya K**

## Editing

**Ameer C (L K Master )**
**Vinya Vijayan (L K Mistress)**

## Guidence

**Rajeevan K ( School SITC)**




***“ഓരോ കുട്ടിയും ശുദ്ധവായുവിന്റെയും ശുദ്ധജലത്തിന്റെയും വൃത്തിയുള്ള മണ്ണിന്റെയും സ്വഭാവങ്ങൾ പഠിച്ചിരിക്കണം . മാത്രമല്ല ; വായുവും , ജലവും , മണ്ണും എങ്ങനെ വൃത്തിയുള്ളതാക്കി സൂക്ഷിക്കണമെന്നും അറിഞ്ഞിരിക്കണം . അതുകൊണ്ടുള്ള പ്രയോജനങ്ങളും മനസ്സിലാക്കണം"***

***-ഗാന്ധിജി***

# Little KITE's

















# പെയ്തൊഴിയുമ്പോൾ..........



## കെ.പി.എ റഹീം മാസ്റ്റർ

പ്രിയ അധ്യാപകന് ... ഞങ്ങളുടെ കണ്ണീരിൽ കുതിർന്ന

'പ്രണാമം' . ഗാന്ധിയൻ ആദർശങ്ങൾ സ്വജീവിതത്തിൽ പകർത്തിയ ഋഷിതുല്യനായിരുന്നു ഞങ്ങളുടെ ഗുരുനാഥൻ . പ്രസംഗ കലയ്ക്ക് പുതിയ ഭാഷ്യം നൽകി അനുവാചകരെ അറിവിന്റെ ലോകത്തിലേക്ക് നയിക്കുകയും

സാമൂഹ്യ തിന്മകൾക്കെതിരെ തന്റെ വാക്കുകളിലൂടെ വിട്ടുവീഴ്ചകളില്ലാതെ പ്രതികരിക്കുകയും ചെയ്ത സാമൂഹ്യപ്രവർത്തകൻ കൂടിയായിരുന്നു അദ്ദേഹം. ഗാന്ധിജി എന്നാൽ അദ്ദേഹത്തിന് എല്ലാമായിരുന്നു . ആ സാനിധ്യത്തെ നെഞ്ചിലേറ്റി നിറഞ്ഞുനിൽക്കെ തന്നെ യാത്രപറയുമ്പോൾ

നിഷ്കാമ ജീവിതം അവിടെ പൂർണ്ണമാകുന്നു . സാമൂഹ്യരാഷ്ട്രീയ

**വ്യവസ്ഥിതികളിലെ അസഹിഷ്ണുതകളോട് തന്നിലെ വേറുകൾ ആത്മരോക്ഷമായി പ്രകടിപ്പിക്കാറുണ്ടെങ്കിലും എല്ലാവിഭാഗങ്ങളുടെയും**

**സ്നേഹാദരങ്ങൾ ഏറ്റുവാങ്ങിയ നന്മയുടെ മന്ദസ്മിതം തന്നെയായിരുന്ന മാഷ്...**

**ഗാന്ധിയുവമണ്ഡലം , കേരള സർവ്വോദയ മണ്ഡലം , ഹിന്ദ് സ്വരാജ് ശതാബ്ദിസമിതി , കണ്ണൂർ ജില്ലാ ഗാന്ധി സെന്റിനറി മെമ്മോറിയൽ സോസൈറ്റി എന്നീവയുടെ സാരഥിയായി പ്രവർത്തിക്കുകയും കേരളത്തിനകത്തും പുറത്തും വിദേശരാജ്യങ്ങളിലും ഗുരുദേവൻ , മഹാത്മജി , വാഗ്ഭടാനന്ദൻ , സൂഫിസം എന്നീവയുടെ മതസമന്വയ സന്ദേശത്തിന്റെ പ്രചാരകനായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട് .**

**സർഗ്ഗധാരയിലെ സാര സൗന്ദര്യങ്ങൾ , നന്മയുടെ മന്ദസ്മിതങ്ങൾ എന്നീ**

**ഗ്രന്ഥങ്ങളുടെ രചയിതാവ് കൂടിയായിരുന്ന അദ്ദേഹം .**

**മരിക്കാത്ത ഓർമ്മകളോടെ ...**

*ശശികല വി . കെ*

*(HEAD MISTRESS)*

# ഞാനാഗ്രഹിക്കുന്ന ......

## എന്റെ ഇന്ത്യ...........

നാനാത്വത്തിൽ ഏകത്വമുള്ള രാജ്യമെന്ന് ഭാരതത്തെ നാം വിശേഷിപ്പിക്കുമ്പോൾ , അങ്ങനെതന്നെയാണോ..? എന്ന് ഞാൻ പലപ്പോഴും ചിന്തിച്ച പോയിട്ടുണ്ട്.

ഭാരതത്തിന് നന്മയുടെ മാറ്റം ഉണ്ടാവാൻ ഞാൻ ആഗ്രഹിക്കുന്നു...

അല്ലെങ്കിൽ ഞങ്ങൾ ആഗ്രഹിക്കുന്നു......... എങ്ങനെ എന്നാൽ --

ജാതിയുടെയും മതത്തിന്റെയും പേരിൽ മലിനമായിരിക്കുന്ന മനുഷ്യമനസ്സുകളെ മാറ്റിയെടുക്കണം . ജാതിമതഭേതങ്ങളില്ലാതെ നമ്മൾ മനുഷ്യർ പരസ്പര ഐക്യത്തോടെയും സൗഹൃദത്തോടെയും ഒറ്റക്കെട്ടായി മാറണം . അല്ലാതെ ഏകത്വമെന്ന വാക്ക് പൂർണ്ണമാവില്ല .



ഐക്യബന്ധം തകർന്നാൽ ഭാരതവും തകരും.... തീർച്ച .U.A.E പോലുള്ള രാഷ്ട്രങ്ങൾ ഇന്നും തളരാതെ ഉയർന്നു നില്ക്കുന്നത് ഇത്തരത്തിലുള്ള ഐക്യബന്ധം നിലനിർത്തിപോകുന്നതുകോണ്ടാണ്.

പിന്നെ നാം നേരിടുന്ന പ്രധാന പ്രശ്നമാണ് ക്രമസമാധാനനില തകർത്തുകോണ്ടുള്ള വികസനപ്രവർത്തനം . വികസനം എന്നത് നമ്മുടെ

ഭാരതത്തിൽ പാവപ്പെട്ടവന്റെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്ന ഭാരമാകുന്നു . വികസനമെന്നാൽ ഞാൻമനസ്സിലാക്കുന്നത്...... 'പട്ടിണികിടക്കുന്നവരെയും തെരുവുകളിൽ അന്തിയുറങ്ങുന്നവരെയും സംരക്ഷിക്കുന്നതോടൊപ്പം അവരുടെ വിദ്യാഭ്യാസവും ആരോഗ്യവും ഉറപ്പ് വരുത്തുക എന്നാണ് '. അതിനു ശേഷം തൊഴിലില്ലായ്മ പരിഹരിച്ചുകൊണ്ട് മറ്റ് വികസനങ്ങൾ നടത്തുകയാണെങ്കിൽ ഭാരതത്തെ നമ്മൾ ആഗ്രഹിക്കുന്ന നിലയിലേക്ക് കൊണ്ടുവരാൻ സാധിക്കുമെന്ന് ഞാൻ അടിയുറച്ച് വിശ്വസിക്കുന്നു .



മറ്റൊരു പ്രശ്നം മാലിന്യമാണ് . അമിതമായ ജനസംഖ്യയും അതുമൂലം ഉണ്ടാകുന്ന അതിരൂക്ഷമായ മാലിന്യ പ്രശ്നങ്ങളും നമ്മെ തെല്ലൊന്നുമല്ല ബുദ്ധിമുട്ടിക്കുന്നത് . അനുദിനം വർദ്ധിച്ചുവരുന്ന വാഹനങ്ങൾ...അവ പുറം തള്ളുന്ന പുക .... ഇവ നമ്മുടെ അന്തരീക്ഷത്തെ മലിനമാക്കുക മാത്രമല്ല , പലതരത്തിലുള്ള മഹാരോഗങ്ങൾക്കും കാരണമാകാറുണ്ട് . മറ്റൊരു കാരണം പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗമാണ് . ഏറ്റവും



കൂടുതൽ നമ്മൾ ഉപയോഗിക്കുന്ന നിത്യോപയോഗ സാധനമായി

പ്ലാസ്റ്റിക്ക് മാറിയിരിക്കുകയാണ് . ഇത് ആവശ്യം കഴിഞ്ഞാൽ വലിച്ചെറിയുകയും നശിക്കാതെ അവിടെ തന്നെകിടക്കുകയും ചെയ്യുന്നു . നശിക്കുന്നില്ല എന്നതുകൊണ്ടുതന്നെ അത് മാലിന്യമായി നമ്മുടെ ഭൂമിയിൽ അവശേഷിക്കുകയും ചെയ്യുന്നു . പ്ലാസ്റ്റിക്കിന്റെ ഉപയോഗം പൂർണ്ണമായ് നമുക്ക് ഒഴിവാക്കാൻ കഴിയില്ലെങ്കിലും അതിന്റെ ഉപയോഗം കുറച്ചു കൊണ്ടുവരാൻ നമുക്ക് സാധിക്കും .

.......................



ഇതാണ് ഞാൻ ആഗ്രഹിക്കുന്ന ഇന്ത്യ . ഇതിനായ് നമുക്കൊന്നിച്ച് കൈകോർക്കാം ...... അങ്ങിനെ പുതിയോരു തലമുറയെ നമുക്കു സൃഷ്ടിക്കാം.........

**SHAHANA SALIM – IX-B**

# BE THE LEADING LIGHTS FOR EVER



*We were some among them*
*on our way darkness all around.*
*Expecting a beam of light and*
*Seeking a clear cut path,*
*We wandered*
*All the day and night.*

*But all the stars we across*
*Not twinkled, only a few*
*Some of us were lifted high and*
*Could reach the climbing steps*
*And yet , the remaining untouched ones*
*Left unattended we where*

*Our thirst and hunger led us on...*
*A shower of light , by Gods grace,*
*From the brightest stars which rose above*
*Quenched our thirst , put down our hunger,*
*Raised us all to this world of grace and,*
*Made us strong and free from fear*
.

*MEENA KUMARI.K – HST BIOLOGY*

# असली कलाकार



ऐक शहर मे दो दोस्त् रहते थे ऎक का नाम पल्लवी और दुसरै का काजल था। पल्लवि ऎक बहुत अच्छी पेंन्टर थी । और काजल ऎक समाज सेविका थी। दोनों मे बहुत अच्छी मित्रता थी ।ऎक दिन पल्लवी के पिताजी की चिट्ठी आई पल्लवि उस चिट्ठी को पढ्कर बहुत खुश हुई। काजल ने पूछ्रा क्या हुआ इतना खुश क्यों है ? पल्लवि ने कहा पिताजी ने मुझे विदेश जाने की आज्ञा देदी है ।अब मै विदेश मे अपनी कला दिखाऊंगी ।काजल ने कहा मानते क्यो नहि आखीर अमीर बाप की ऎक लौती जो ठहरी । ठीक तीन दिन बाद पल्लवि विदेश जाने वाली थी ।

उसके ऎक दिन पहले वह अपने गुरू जी से मिलने गई घर आने मे उसे देर होगई काजल बहुत चिंतित थी । जब पल्लवि घर आई तो उसने पल्लवि से पूछ्रा आज इतनी देर क्यों हो गई पल्लवि ने कहा जब मै आ रही थी तब ऎक भिखारीन जो पेड़ के नीचे बैठती है ।उसके अचानक से मौत हो गई और उसके दोनो बच्चे रोने लगे न जाने वो क्या था। मैने ऎक पेन और कागज़ ली और उस की ऎक रफ़ सी पेंन्टिंग बना ली।दूसरे दिन पल्लवि जा रहि थी। तो उसे छोड़ने उसकी सभी दोस्ते आईं पर काजल नही आई पल्लवी की नज़रे जैसे काजल को ही दूंड रही हो। लेकिन काजल नही आई। पल्लवि ने विदेश जाकर उसी मरी हुई भीकारीन और उन के बच्चोकी तसविर को दुनिया के सामने उभारा और न जाने क्या था उस दृश्य मे

*जिसकी वजह से पल्लवि के पास बहुत सा पैसा इज़्ज़त और बहुत नाम कमाया जब पल्लवि तीन साल बाद भारत आई तो असने अपने पेंन्टींग का ऎक ऎग्ज़िविषन शहर मे लगाया कई हसतीयां उस ऎग्ज़िविषन मे आई और काजल भी आई पल्लवि ने अचानक से काजल को देखा पल्लवि ने कहा क्यो काजू तुझे कब से पेंन्टीग देखने का शौक चड़ गया काजल ने कहा मै पेंन्टीग देखने नहि पेंन्टिंग बनाने वाली पल्लु को देखने आई हूं। इतने मे ही पल्लवि ने काजल से पूछा ये दोनो सुंन्दर बच्चे कौन है। काजल ने कहा ये मेरे बच्चे है ।पल्लवि को यकिन नहि आया बच्चे जब आंखो से थोडे देर केलिये ओझल हुऎ तो पल्लवि ने पुछा ये किसके बच्चे है। काजल देख मुझसे झुठ मत बोलना काजल ने कहा ये मेरे ही बच्चे है। पल्लवि ने इस बार काजल को अपनी कसम दे कर कहा सच-सच बता ये किसके बच्चे है । तो काजल उसी भीखारीन वाली तसवीर के पास उसे लेगई और कहा इस तसवीर मे जो दो बच्चे अपनी मां के पास बैठकर रो रहे है। वहीं ये दोनो बच्चे है। ये सुनकर जैसे पल्लवि के पास कुछ बोलने को ही नही था। कुछ समय केलिये जैसे वो ऎक गहरी सोच मे पड़ गई हो। ।*

................................

*सीख--- किसी की ज़िन्दगी को बनाने वाला हि ऎक असली कलाकार होता है।*

***SONU MESHRAM - IX-A***

# പ്രളയ പൂരിതമാം

# കേരളം .......

തെറ്റായ ആസൂത്രണത്തിന്റെ ഉദാഹരണമായാണ് ഈ വർഷകാലത്ത് കേരളത്തിലുണ്ടായ വെള്ളപ്പൊക്കം. നമ്മുടെ സംസ്ഥനം തുടർച്ചയായ മഴക്കുമുൻപിൽപോലും നിസ്സഹായരായി എന്നത് ലജ്ജാവഹം തന്നെ . വെള്ളത്തിന് ഒഴുകിപോകാനുള്ള കൃത്ത്യമായ ചാലുകൾ



പോലും നമ്മുടെ നാട്ടിൽ ഇല്ലാ എന്നത് ഗൗരവമേറിയവിഷയമാണ് .



വായുമലിനീകരണം കൊണ്ട് ശ്വാസംമുട്ടുകയാണ് നമ്മുടെ നഗരങ്ങൾ മിക്കതും. അന്തരീക്ഷത്തിൽ നിറഞ്ഞു നിൽക്കുന്ന പുകമഞ്ഞ് ഒരു മുന്നറിയിപ്പ് തന്നെയാണ്. വ്യവസായ വൽകരണവും , വാഹനപ്പെരുമയും, മാലിന്യങ്ങൾ കത്തിക്കലും എല്ലാം ഈ അവസ്ഥയ്ക്ക് വളം വെക്കുന്നു .

വയൽ നാടായ വയനാട് വരണ്ട-നാടായി മാറുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു. ജീവൽപ്രധാനമായ പുഴകൾ മനുഷ്യന്റെ ഉപയോഗങ്ങൾക്ക് വേണ്ടാതാവുകയും , മാലിന്യങ്ങൾതള്ളാനുള്ള കേന്ദ്രങ്ങളായിമാറുകയും ചെയ്യുന്നതിന്റെ ഭാഗമായി ഏറെ വിപത്തുകൾ നാം അനുഭവിക്കുകയാണ് .

നമ്മുടെ ഭൂമി ഇങ്ങനെ ആയിരുന്നില്ല. ഏറെ താളാത്മകമായിരുന്നു. 1887ൽ പ്രസിദ്ധീകരിച്ച വില്ല്യം ലോഗന്റെ മലബാർ മാന്വൽ എന്ന ഗ്രന്ഥത്തിൽ മലബാറിലെ അന്നത്തെ കാലാവസ്ഥയെ കുറിച്ചുള്ള കൃത്യമായ ചില നിരീക്ഷണങ്ങൾ ഉണ്ട്. ദുസ്സഹമായ തണുപ്പോ ചൂടോ ഇല്ലാത്ത ഒരുമിത കാലവസ്ഥയയായിരുന്നു അന്നുണ്ടായിരുന്നത്. എന്നാൽ ഇന്നത്തെ നമ്മുടെ വേനലുകൾ 40 ഡിഗ്രിയിൽ അപ്പുറം ചൂട് എന്നത് നമ്മെ ആശങ്കപ്പെടുത്തുന്നു. പ്രകൃതിയുടെ ചലനങ്ങൾ നിരീക്ഷിച്ച് വൃത്തിയാക്കാനും വിളവെടുക്കാനും അന്നത്തെ



കർഷകർക്ക് സാധിച്ചിരുന്നു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തിന്റെ ഏറ്റവും വലിയ ഉദാഹരണങ്ങളായിരുന്നു അതൊക്കെ . ഇത്തരം ഒരുതിരിച്ചു പോക്കാണ് നമുക്കാവശ്യം.


ആഗോളവൽക്കരണവും ആഗോളതാപനവും എല്ലാം അനുഭവ ഭേദ്യമാക്കുന്ന ലോകത്ത് മണ്ണിലേക്ക് തിരിച്ചു നടക്കാൻ നമുക്ക് സാധിക്കണം. വ്യവസായവൽക്കരണവും , ഫോസിൽ ഇന്ധനങ്ങളും , പ്ലാസ്റ്റിക്ക് മാലിന്യങ്ങളും വീർപ്പുമുട്ടിക്കുന്ന ലോകത്ത് പ്രകൃതിയുടെ ഭാഗമായി ചിന്തിക്കുന്ന മനസ്സുണ്ടാവുക എന്നത് മർമ്മപ്രധാനമാണ്.

പരിസ്ഥിതി മലിനീകരണം ആഗോളപ്രശ്നമാണെങ്കിലും സ്വയം ചെയ്യാൻ കഴിയുന്ന പരിഹാരങ്ങളേറെയാണ് അതിനാദ്യം വേണ്ടത് പ്രകൃതിയുടെ ഭാഗമായി നിന്ന് ചിന്തിക്കുക എന്നുള്ളതാണ്. എങ്കിൽ മാത്രമേ ജീവന് അനുഗുണമായ നമ്മുടെ പ്രകൃതി നമുക്ക് ബാക്കിയുണ്ടാവുകയുള്ളൂ.

REEHA K.M -

HST PHYSICS

# LIFE STYLE DISEASES




**Now in world , millions of people are suffering from lifestyle diseases .ex: cancer ,sugar,blood pressure,kidney diseases ,heart problems ,liver problems etc. Taking no proper exercise and no control in food lead us to this. By this disease thousands of people dying in per year. By 2020 this disease will be more than before. Children will also affect this disease by not excessing properly and over eating of food lead them to heavy weight or over Wight.**




**When we are mentally stressed and physically stressed this will affect our health. When we eat fatty food items we have a fatty liver , when there is a fatty liver, we will have liver cirrhosis. Don't support to use alcohol. Alcohol is prohibited and don't allow to do smoking.**

**This is a busy world so we are very stressed by mentally and physically. To control this disease we have to take only healthy food, maintain a good lifestyle, have sleep at least 6 hours,have walk at least half an hour twice daily. It is better control this disease before becoming a patient. Through this way we can change the world into a healthy world.**

**THANK YOU**

# സ്വച്ഛ് ഭാരത് മിഷൻ

സ്വച്ഛ് ഭാരത് മിഷൻ പദ്ധതി ആരംഭിക്കുന്നത് ശുചിത്വപൂർണ്ണമായി നമ്മുടെ നാട് കാണുവാൻ വേണ്ടിയാണ്.ശുചിത്വം നമ്മുടെ ജീവിതത്തിന്റെ ഭാഗമാകേണ്ട ഒന്നാണ്. ഇതൊരു വ്യക്തികളുടെ മനസ്സിൽനിന്നു തന്നെ ആരംഭിക്കണം എന്നാൽ മാത്രമേ ഇത് സർവ്വതലങ്ങളിലേക്കും വ്യാപിക്കുകയുള്ളൂ . നമ്മുടെ ചുറ്റുപാടെല്ലാം വൃത്തിയായി കാണുന്നതുതന്നെ മാനസ്സിക ഉൻമേഷം തരുന്ന കാര്യമാണ്.



അതുകൊണ്ടുതന്നെ ശുചിത്വം ജീവിതത്തിന്റെ ഭാഗമാക്കണം . ശുചിത്വം രണ്ടുതരങ്ങളിലുണ്ട് വ്യക്തി ശുചിത്വവും പരിസരശുചിത്വയവും. ഇതിൽ വ്യക്തി ശുചിത്വം പാലിച്ചാൽ മാത്രമേ ഒട്ടേറെ രോഗങ്ങളോട് നമുക്ക് പൊരുതാൻ കഴിയുകയുള്ളൂ . പരിസരശുചിതത്തിലൂടെ മറ്റുള്ളവർക്ക് മാതൃക

കാട്ടുകയാണ് നാം ചെയ്യേണ്ടത് . നാം മുന്നിട്ടിറങ്ങിയാൽ നടക്കാത്തതായൊരു കാര്യവുമില്ല . അതുക്കൊണ്ട് തന്നെ നമ്മുടെ നാട്ടും വീട്ടുമെല്ലാമെല്ലാം നമുക്ക് വൃത്തിയാക്കാം . സ്വച്ഛ് ഭാരത് മിഷൻ പദ്ധതിയാരംഭിച്ചതുക്കൊണ്ട് വൃത്തിയാക്കാനുള്ള ബാധ്യത എല്ലാമനുഷരിലേക്കുമെത്തിക്കഴിഞ്ഞിട്ടുണ്ട് . മാലിന്യക്കൂമ്പാരങ്ങളാണ് നമ്മുടെ നാടിന്റെ ശുദ്ധമായ അടിത്തറയെ നശിപ്പിക്കുന്നത് . ഇത് ഇല്ലാതാക്കാൻ വേണ്ടി പ്ലാസ്റ്റിക്ക് മാന്യങ്ങളോട് ഇവിടെ നിന്നു പോകാൻ പറയേണ്ടകാലം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. പ്ലാസ്റ്റിക്ക് നിത്യജീവിതത്തിൽ നിന്ന് അകറ്റാൻ കഴിയുകയില്ലെങ്കിലും ഇതിന്റെ ഉപയോഗം ചെറിയ ശതമാനത്തോളമാക്കി ചുരുക്കാം . ഉപയോഗിച്ച കഴിഞ്ഞ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ റീസൈക്ലിങ് രീതിയിലൂടെ വീണ്ടുമുപയോഗിക്കാം. റീസൈക്ലിങ്ങ് ചെയ്യാൻ കഴിയാത്ത പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ റോഡ് ടാറിങ്ങിനായും മറ്റുമുപയോഗിക്കാം . ഇതെല്ലാം ചെയ്യുന്നതുമൂലം പ്ലാസ്റ്റിക്കിന്റെ ശല്യം നമുക്കൊഴിവാക്കാം .



ജൈവമാലിന്യങ്ങൾ ജൈവരീതിയിൽ തന്നെ സംസ്കരിക്കാം കംപോസ്റ്റ് ചെയ്ത് ബയോഗ്യാസ് നിർമ്മിക്കാം . കൂടാതെ ജൈവവളങ്ങളാക്കാം. ഇത്തരത്തിൽ ആസൂത്രണം ചെയ്ത് ജൈവമാലിന്യങ്ങളെ നമുക്ക് സംസ്കരിക്കാം . കേന്ദ്രഗവൺമെന്റെ സ്വച്ഛ് ഭാരത് മിഷനിൽ ഇത്തരം

രീതിയിലൂടെ നമ്മുക്ക് പങ്കാളികളാകാം . അതു വിജയിപ്പിക്കാം.

സ്കൂളുകളിൽ സ്വച്ഛ്ഭാരത് മിഷൻ ഭാഗമായി വിദ്യാർത്ഥികൾ പ്ലാസ്റ്റിക്ക് കപ്പികൾക്കു പകരംമായി സ്റ്റീൽ വാട്ടർബോട്ടിലുകളാണ് ഉപയോഗിക്കുന്നത്. പേപ്പർ പെന്നിന്റെ വരവോടെ പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം നമുക്ക് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് . കൂടാതെ പഴയ ഉച്ചഭക്ഷണം സംസ്കരിക്കാൻ വേണ്ടി കംപോസ്റ്റുകൾ നിർമിക്കുക വഴി ശുചിത്വ പൂർണ്ണമായ ഒരു വിദ്യാലയം സൃഷ്ടക്കാൻ നമുക്ക് കഴിഞ്ഞു.





ശുചിയാക്കാൻ നഗരസഭഗളും പഞ്ചായത്തുകളും മുന്നിട്ടിറങ്ങിയത്തോടെ അശുദ്ധിയിൽ നിന്നും മോചനം കിട്ടിയ ഒരു നാടിനെ നമുക്ക് കാണാൻ കഴിഞ്ഞു. ഓരോ വ്യക്തിയും വൃത്തിയാക്കാൻ തുടങ്ങിയാൽ മാത്രമേ വീടും നാടും വൃത്തിയാകുകയുള്ളു . ഓരോ നാടും വൃത്തിക്കിയാൽ മാത്രമേ നമ്മുടെ രാജ്യം വൃത്തിയാകുകയുള്ളൂ.

*വരു ....... നമുക്ക് സ്വച്ഛ് ഭാരത് മിഷനിൽ ഒന്നിച്ച കൈകോർക്കാം . ശുചിത്വപൂർണമായ നാടിനുവേണ്ടി...... രാജ്യത്തിനു വേണ്ടി...*

*- മീരാപൃഷ്ണൻ പി.വിക്ലാസ് :X-B*

# ഗാന്ധിജി നമുക്ക നല്കുന്ന പാഠങ്ങൾ

1869 ഒക്ടോബർ 2ന് ഗുജറാത്തിലെ പോർബന്ധറിൽ കരംചന്ദ് ഗാന്ധിയുടെയും പുതലീ ഭായിയുടെയും പുത്രനായി മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന മഹാത്മാവ് ജന്മം



കൊണ്ടു . അദ്ദേഹം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നേതാവും വഴികാട്ടിയുമായിരുന്നു . ഇന്ത്യയുടെ രാഷ്ട്ര പിതാവാണ് ഗാന്ധിജി . അഹിംസയിലൂന്നിയ സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകം മുഴുവനും അദ്ദേഹം അറിയപ്പെട്ടു . കേവലം ഒരു സ്വാതന്ത്ര്യ സമര സേനാനി എന്നതിലുപരി മികച്ച ദാർശനികനായും അദ്ദേഹം ലോകപ്രസിദ്ധനായി .

എറ്റവും കഠിനമായ പ്രതിസന്ധിയിലും സത്യം , അഹിംസ എന്നീ മൂല്യങ്ങളിൽ അടിയുറച്ച് പ്രവർത്തിക്കാനും അത് തന്റെ ജീവിതചര്യ-യാക്കി മാറ്റാനും ഗാന്ധിജി ശ്രദ്ധിച്ചിരുന്നു .

സ്വയം നൂൽ നൂറ്റ വസ്ത്രം ധരിച്ചും സസ്യാഹാരം മാത്രം ഭക്ഷിച്ചും ഉപവാസം അഥവാ നിരാഹാരം പ്രധിക്ഷേധത്തിനുള്ള ഉപാധിയാക്കിയും ഗാന്ധിജി ജനങ്ങൾക്ക് നല്ലൊരു മാതൃകയായി . അദ്ദേഹത്തിന്റെ ദർശനങ്ങൾ ആഗോളതലത്തിൽ മാത്രമല്ല മാർട്ടിൻ ലൂഥർ കിങ് , നെൽസൻ മണ്ടേല  തുടങ്ങി അനേകം പൗരാവകാശ പ്രവർത്തകരിൽ സ്വാധീനം ചെലുത്തുകയും ചെയ്തു . ഭാരതീയർ ഗാന്ധിജിയെ രാഷ്ട്ര പിതാവായി ആദരിക്കുന്നു . അദ്ദേഹത്തിന്റെ ജന്മദിനമായ ഒക്ടോബർ 2 ഗാന്ധിജയന്തി എന്ന പേരിൽ ദേശീയ അവധി നൽകി ആഘോഷിക്കുന്നു . അഹിംസാധിഷ്ഠിത സത്യാഗ്രഹം എന്ന ഗാന്ധിയൻ അശയത്തിന്റെ ബഹുമാനാർത്ഥം ഐക്യരാഷ്ട്ര സഭ അന്നേ ദിവസം അഹിംസാദിനമായി 2007 ൽ പ്രഖ്യാപിച്ചിട്ടുണ്ട്. ലണ്ടനിലെ ഓക്സ്ഫോർഡ് സർവകലാശാലയിൽ നിന്നാണ് അദ്ദേഹം നിയമം പഠിച്ചത് . ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ സേവനം അനുഷ്ഠിക്കുന്ന കാലത്താണ് സത്യാഗ്രഹം എന്ന സമര മാർഗ്ഗം വികസിപ്പിച്ചെടുക്കുന്നത്. അതുകൊണ്ടാണ് ദക്ഷിണാഫ്രിക്കയെ 'ഗാന്ധിജിയുടെ രാഷ്ട്രീയ പരീക്ഷണശാല'  എന്നു വിശേഷിപ്പിക്കുന്നത്. ധാന്ധിജി പറയുന്നു -"ഏതുതരത്തിലുള്ള പീഠനങ്ങളെയും അടിച്ചമർത്തലുകളെയും നേരിടാൻ തയ്യാറാകുന്ന സത്യാഗ്രഹി

*സ്വായത്തമാക്കേണ്ടിയിരിക്കുന്നത് ആത്മനിഷ്ഠമായ ശക്തിയാണ്.'*

*ഒന്നാംലോക മഹായുദ്ധത്തിന് ശേഷം ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ അമരക്കാരനായി തീർന്ന ഗാന്ധിജി 30 കൊല്ലക്കാലം ഇന്ത്യൻ ജനതയുടെ സ്വാതന്ത്ര്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഇക്കാരണങ്ങൾകൊണ്ടാണ് അദ്ദേഹം ഇന്ത്യയുടെ രാഷ്ട്രപിതാവ് എന്ന പേരിൽ അറിയപ്പെടുന്നത്.*

*1948 ജനുവരി 30 ന് നാഥുറാം ഗോഡ്സെ എന്ന മതഭ്രാന്തന്റെ വെടിയേറ്റ് ആ മഹാത്മാവ് മരണമടഞ്ഞു...*

*MUHAMMED ANSARI - VIII - A*

# മാറുന്ന ലോകവും
# കുതിക്കുന്ന സാങ്കേതിക വിദ്യയും




ആധുനി ലോകം കീഴടക്കിയിരിക്കുന്നത് അവിശ്വസനീയമായ ഉന്നതിയെയാണ്. ആ ഉന്നതി കൗതുകത്തോടെ നോക്കി കാണുകയാണ് നമ്മുടെ ലോകം. സാങ്കേതിക വിദ്യയുടെ കടന്നുകയറ്റം പെട്ടന്നായിരുന്നെങ്കിലും അതിന്റെ വളർച്ച അദ്ഭുതകരമായിരുന്നു. ചെറിയ ചെറിയ ഇലക്ട്രോണിക്സ് ഉപകരണങ്ങളിൽ തുടങ്ങി യന്ത്രമനുഷരിൽ വരെ എത്തിയിരിക്കുന്നു അതിന്റെ വളർച്ച.

' സോഫിയ'എന്നുകേൾക്കുമ്പോൾ നമുക്ക് ഒരു സ്ത്രീയാണെന്നു തോന്നുമെങ്കിലും,അത് വെറും ഒരു സ്ത്രീമാത്രമല്ല. യാന്ത്രികതയുടെ അദ്ഭുതരൂപമെന്നുതന്നെ അതിനെ പറയാം.

## കൃത്രിമബുദ്ധി(ആർട്ടിഫിഷ്യൽ ഇന്റലിജൻസ്)

സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി നിർമ്മിച്ച യന്ത്ര മനുഷ്യനാണ് സോഫിയ. സംസാരിക്കാനും വികാരങ്ങൾ പ്രകടിപ്പിക്കാനും കഴിയുന്ന ഹ്യൂമനോയിഡ് റോബോട്ടാണിത്. ഹാൻസൺ റോബോർട്ടിക്സാണ് സോഫിയയുടെ നിർമ്മാതാക്കൾ. ഒരു രാജ്യം പൗരത്വം നൽകുന്ന ആദ്യത്തെ റോബോട്ടാണ് സോഫിയ. സൗദിയിൽ നടക്കുന്ന ഭാവിനിക്ഷേപ സംരംഭ സംമ്മേളനത്തിൽ വച്ച് 2017 ഒക്ടോബർ 25 നാണ് സർക്കാർ സോഫിയയ്ക്ക് പൗരത്വം നൽകിയത്.




അതുപോലെ മറ്റൊരു അദ്ഭുതമാണ് ' അസിമോ' എന്ന റോബോട്ട്. ജപ്പാനിലെ പ്രമുഖ വാഹനനിർമ്മാതാക്കളായ ഹോണ്ട കമ്പനി നിർമ്മിച്ച യന്ത്രമനുഷ്യനാണ് (HUMANOID ROBOT) അസിമോ . Advanced Step in Innovative Mobility യുടെ ചുരുക്കമാണ് അസിമോ.

ലോകത്തിലെ ആദ്യത്തെ സമ്പൂർണ്ണ ഹ്യൂമനോയ്ഡ് റോബോട്ടാണ് അസിമോ .ഇനിയുള്ള തലമുറ ജീവിക്കുന്നത് അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്താണ് . ലോകത്തെ നിയന്ത്രിക്കുന്നത്

*സാങ്കേതിക വിദ്യയാകുന്നകാലം വിദൂരമല്ല . മാനുഷികതയെ സാങ്കേതിക*





*വിദ്യ പരാജയപ്പെടുത്താതെ നോക്കേണ്ടത് പുതിയ തലമുറയുടെ കർത്തവ്യമാണ്. അതുകൊണ്ട് തന്നെ അതുമായ് ബന്ധപെട്ട പഠനം പുതിയ തലമുറകൾക്ക് അനിവാര്യമാണ് .*

...............................


SURYA K

IX . A

# ***TOUR -DE -FORCE***



**Nowadays,our India is becoming a popular place in world. Number of tourists is increasing in our country because of our countries beauty, its tradition, its culture etc. Tourists is interested in our sea foods, our wet climate, beautiful places and our beautiful traditional entertainments etc.**



**We exchange of social and culture with them. They try our social and cultural activities. Tourism gives good economic rise in national income. Tourism is a good job. When we start this job and going in a good condition then we can make money very fast. Moreover tourism means attract people and we have a lot in our country to show.**

**Tourists are attracted more in our state also, Kerala.**



**And we are proud of it, because we have such a beautiful country.**

**There are also many unhealthy trend seen in this sector. Development without concerning and caring nature is a big threat. Also exploitation of local resources in the name of tourism is a problem. We must be aware of our social responsibility to promote tourism and at the same time we must ensure that the development is sustainable.**

**THANK YOU**

**Ahana Manoj K**

**IX .B**

# റിസ........




**മനുഷ്യജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതായി മാറുകയാണ് യന്ത്രങ്ങൾ . ഇന്ത്യയിൽ തന്നെ ആദ്യമായി ഒരു ഷോറും മാനേജറായി റോബോട്ട്. അതും നമ്മുടെ കോഴിക്കോട് . പ്രീ ഓൺസ് ലക്ഷ്വറി കാറുകളുടെ ഷോറൂമിലാണ് മാനേജറായി റോബോട്ട് . റോബോട്ടിക്ക് ഇന്ട്രാക്ടീവ് സർവീവ് അസിസ്റ്റന്റ് (റിസ) എന്ന ഈ റോബോർട്ടിനെ കോഴിക്കോട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഫ്ളൂ അവ് ടെക്നോളജീസാണ് വികസിപ്പിച്ചെടുത്തിരിക്കുന്നത്.**

**മനുഷ്യരൂപത്തിൽ നിർമ്മിച്ചിരിക്കുന്ന റോബോർട്ടിന് ' റോയ 'എന്നാണ് പേര്. ഒരു കോടിയിലധികം ചെലവിട്ട് ആറുമാസം കൊണ്ടാണ് റോയയെ വികസിപ്പിച്ചെടുത്തത്. ഏകദേശം അഞ്ചടി അഞ്ച് ഇഞ്ചാണ് ഉയരം. 150 കിലോഗ്രാം ഭാരവും ഇതിനുണ്ട് ഉണ്ട് . ടയറുപയോഗിച്ച് റോയ ഷോറൂമിലെ കാറുകൾക്കിടയിലൂടെ സഞ്ചരിച്ച് ഉപഭോതാക്കൾക്ക് വിവരം നൽകും . വിവരങ്ങൾ നൽകാനായി റോയയുടെ**



നെഞ്ചിന് മുകളിലായി ഒരു സ്ക്രീനും ഘടിപ്പിച്ചിട്ടുണ്ട് . നൂറ്റി അമ്പതിലധികം ഭാഷകൾ കൈകാര്യം ചെയ്യാൻ സാധിക്കുമെന്നതാണ് റോബോട്ടിന്റെ മറ്റൊരു പ്രത്യേകത . ബാറ്ററിയുടെ ചാർജ് തീരാറായാൽ റോയ തന്നെ ചാർജ് ചെയ്യും. ഷോറൂമിലെ എല്ലാ ഇലക്ട്രോണിക്ക് ഉപകരണങ്ങളും റോയയുമായി ബന്ധിപ്പിക്കും. അത് കൊണ്ട് തന്നെ ഷോറൂമിലെ ലൈറ്റ് , കംപ്യൂട്ടർ , AC ,TV എന്നിവ പ്രവർത്തിപ്പിക്കാൻ റോയയ്ക്ക് സാധിക്കും . ഷോറൂമിലെ ജീവനക്കാർ വല്ല കള്ളവും കാണിച്ചാൽ പിടിക്കാനും കഴിയും. ഷോറൂമിലെത്തുന്ന ഓരോ ഉപഭോക്താവ്വാവിന്റെയും  മുഖം വച്ച് ഗ്ഗൂഗ്ളിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയുംഅവരുടെമൊത്തം വിവരങ്ങൾ കണ്ടുപിടിക്കാനും റോയയ്ക്ക് സാധിക്കും. കമ്പനി അധികൃതരുമായി വീഡിയോ കോൺഫറസൻസിനുള്ള സൗകര്യവും റോയ നൽകും  . പാങ്കോലിൽ റോബോർട്ട് കോർപ്പറേഷനാണ് റോബോട്ടിന്റെ ഹാർഡ് വെയർ നിർമ്മിച്ചിരിക്കുന്നത് . തല പൂർണ്ണമായും കോഴിക്കോട് വെച്ച് നിർമ്മിക്കുകയും മറ്റ് ശരീരഭാഗങ്ങൾ പാങ്കോലിൻ റോബോർട്ട് കോർപ്പറേഷന്റെ ചൈനയിലെ ഫാക്ടറികൾ നിന്ന് നിർമ്മിച്ചെടുക്കുകയുമായിരുന്നു . ഇതിന് ആവശ്യമായ ആർട്ടിഫിഷ്യൽ ഇന്റലിജൻസും മറ്റ് സോഫ്റ്റ്‌വെയറിന്റെ ഭാഗങ്ങളുമാണ് ഫ്ല്യൂ ആപ് ടെക്നോളജീസ് നിർമ്മിച്ചത്. ത്രീഡി പ്രിന്റിങ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വെർച്വൽ അസിസ്റ്റന്റ് , ചാറ്റ് ബോട്ടുകൾ തുടങ്ങിയ നിരവധി സാങ്കേതിക വിദ്യകളുടെ സംയോജനമാണ് റോയ എന്ന ഈ റോബോട്ട്.

**Ameer C**
**HST SOCIAL**